**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 458** **24-08-2022 - ൽ മറുപടിയ്ക്ക്**

**ചെട്ടികാട് ആശുപത്രിയുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന ചെട്ടികാട് ആശുപത്രി നിർമ്മാണത്തിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. ഭൂമി ഏറ്റെടുക്കൽ, CRZ ക്ലിയറൻസ് എന്നീ നടപടികൾ പൂർത്തിയാക്കുന്നതിലുള്ള കാലതാമസമായിരുന്നു പ്രധാനമായും ചെട്ടിക്കാട് ആശുപത്രിയുടെ നിർമ്മാണം വൈകുന്നതിന് കാരണമായിരുന്നത്. ഇതിൽ CRZ ക്ലിയറൻസ് ഇപ്പോൾ ലഭ്യമായിട്ടുള്ളതും, പ്രസ്തുത പ്രവൃത്തി ആരംഭിച്ചിട്ടുള്ളതുമാണ്. എന്നാൽ സ്ഥലമേറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്നതിനു കിഫ്ബിയിൽ നിന്നും തുക അനുവദിച്ചിട്ടുള്ളതും നിർദിഷ്ട എസ്. പി. വി. ആയ ഹൈറ്റ്സിനു കൈമാറുകയും ചെയ്തിട്ടുള്ളതാണ്. സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാക്കുന്നതു സംബന്ധിച്ച നടപടികൾ സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട ഭരണവകുപ്പും നിർദ്ദിഷ്ട എസ്. പി. വി.-യുമാണ്. |
| (ബി) | പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | കിഫ്ബി അംഗീകരിച്ച പദ്ധതികൾ സമയ ബന്ധിതമായി നടപ്പിലാക്കാനുള്ള ചുമതല ഭരണ വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള എസ്.പി.വി.കൾക്കാണ്. അംഗീകരിച്ച പദ്ധതികൾ നിർദ്ദിഷ്ട സമയത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ എസ്.പി.വി.-കൾ സ്വീകരിച്ചു വരുന്നു. പദ്ധതികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനു വേണ്ടിയുള്ള നിർദ്ദേശങ്ങൾ നൽകൽ, പുരോഗതി സംബന്ധിച്ചുള്ള അവലോകന യോഗങ്ങൾ എന്നിവ കിഫ്ബി നിശ്ചിത ഇടവേളകളിൽ നടത്തിവരുന്നു. അപ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബഹു. എം. എൽ. എ. യുടെ സാന്നിധ്യത്തിൽ നടത്തിയ യോഗത്തിൽ വച്ച് കിഫ്ബി നിർദ്ദിഷ്ട എസ്. പി. വി.-യെയും ബന്ധപ്പെട്ട ഭരണവകുപ്പിനെയും അറിയിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ